പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2168 **26-10-2026-ൽ മറുപടിയ്ക്ക്**

കൊട്ടാരക്കരയിലെ കില ക്യാമ്പസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) കൊട്ടാരക്കര കില ക്യാമ്പസിൽ റവന്യൂ രേഖകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് എത്ര വിസ്തൃതിയിൽ ഭൂമി ഉണ്ടെന്ന് വ്യക്തമാക്കുമോ;

മറുപടി: കൊട്ടാരക്കര കില ക്യാമ്പസിൽ കിലയുടെ രണ്ട് സെന്ററുകളാണ് പ്രവർത്തിക്കുന്നത്.

1) കില സി.എച്ച്.ആർ.ഡി.

2) കില സി.എസ്.ഇ.ഡി (മുൻ-ഇ.റ്റി.സി) റവന്യൂ രേഖകൾ പ്രകാരം കില സി.എച്ച് ആർ ഡി സെന്ററിന് ആകെ 7.6404 ഹെക്ടർ ഭൂമിയുണ്ട്. എന്നാൽ, കില സി.എസ്.ഇ.ഡി. (ഇ.റ്റി.സി) യുടെ

പേരിൽ റവന്യൂ രേഖകൾ പ്രകാരം ഭൂമി ഉള്ളതായി കാണുന്നില്ല. കില സി.എസ്.ഇ.ഡി. (ഇ.റ്റി.സി) ക്യാമ്പസ് സ്ഥിതി ചെയ്യുന്ന റീസർവ്വെ നമ്പർ 272/1-ൽ 17.4288 ഹെക്ടർ ഭൂമി BTR പ്രകാരം കൃഷി വകുപ്പിന്റെ പേരിൽ നീക്കിമുതൽ ഉള്ളതായി കൊട്ടാരക്കര വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇ.റ്റി.സി.-യുടെ കൈവശത്തിൽ തുടക്കത്തിൽ 80 ഏക്കറോളം ഭൂമി ഉണ്ടായിരുന്നതും കാലാ കാലങ്ങളിൽ പല സ്ഥാപനങ്ങൾക്കായി ഭൂമി വിട്ടുനൽകിയിട്ടുള്ളതുമാണ്. അതിനുശേഷം നിലവിൽ 30 ഏക്കറോളം ഭൂമി ഈഓഫീസിന്റെ അധീനതയിലുള്ളതുമാണ്. 1952-53 കാലം മുതൽ ഈ ഓഫീസിന്റെ കൈവശത്തിലാണ് ടി ഭൂമി ഉണ്ടായിരുന്നത്.

(ബി) പ്രസ്തുത ഭൂമിയുടെ സർവ്വേ നമ്പർ ഉൾപ്പടെയുള്ള വിശദാംശം നൽകുമോ;

മറുപടി: 1)കില സി.എച്ച് ആർ ഡി - കൊട്ടാരക്കര വില്ലേജിൽ 272/1 - 2.2543 ഹെക്ടർ , 272/2 - 5.3861 ഹെക്ടർ എന്നിങ്ങനെയാണ് ഭൂമിയുടെ വിശദാംശങ്ങൾ

2) കില-സിഎസ്ഇഡി(ഇറ്റിസി) ക്യാമ്പസ് സ്ഥിതി ചെയ്യുന്നത് റീസർവ്വേ നമ്പർ 272/1-ൽ ആണ്.

(സി) കില ക്യാമ്പസിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം സർവേ നമ്പരുകളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: 1)കിലയുടെ കൊട്ടാരക്കര സി.എച്ച്.ആർ.ഡി കാമ്പസിൽ അക്കാഡമിക്ക് കെട്ടിടം , ഹോസ്റ്റലുകൾ , ലൈബ്രറി എന്നിവ ഉൾപ്പെടുന്ന അഡ്മിനിസ്ട്രേറ്റിവ് കെട്ടിടവും ക്യാമ്പസും 272/2 എന്ന സർവ്വേ നമ്പറിലും അനക്സ് കെട്ടിടം 272/1 എന്ന സർവേ നമ്പറിലും സ്ഥിതിചെയ്യുന്നുണ്ട്.

2) കിലയുടെ കൊട്ടാരക്കര സി എസ് ഇ ഡി കാമ്പസിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കില സി.എസ്.ഇ.ഡി. (ഇ.റ്റി.സി), എന്നീ സ്ഥാപനങ്ങളാണ് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ സ്ഥിതി ചെയ്യുന്നത്. ടി സ്ഥാപനങ്ങളെല്ലാം റീസർവ്വെ നമ്പർ 272/1-ൽ പെട്ട വസ്തുവിലാണ് സ്ഥിതി ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ